## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.202

28-11-2018 ൽ മറുപടിയ്ക്ക്

## ഫയർ സ്റ്റേഷനുകളുടെ ലിസ്റ്റ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ജി.എസ്.ജയലാൽ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ശാസ്ത്രീയ പഠനം നടത്തി, സംസ്ഥാനത്ത് മുൻഗണനാടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ടതായ ഫയർ സ്റ്റേഷനുകളുടെ ലിസ്റ്റ് ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; | എ) ഇല്ല. |
| ബി) ചാത്തന്നൂർ അഗ്നിരക്ഷാനിലയം സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട സ്ഥലം (കൊല്ലം, താലൂക്കിൽ മീനാട് വില്ലേജിൽ സർവ്വേ 91/14 ൽ ഉൾപ്പെട്ട 20 സെന്റ് സ്ഥലം) ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് വിട്ടു കിട്ടുന്നതിനായി കൊല്ലം ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം നൽകിയതിന് ശേഷമുള്ള നടപടികളിലെ പുരോഗതി അറിയിക്കാമോ? | ബി) കൊല്ലം ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം നൽകിയതു പ്രകാരം ടി സ്ഥലം ഫയർ & റെസ്ക്യൂ സ്റ്റേഷന് കൈമാറുന്നതിന് പോലീസ് വകുപ്പിന് എതിർപ്പുണ്ടെന്ന് തഹസീൽദാർ ജില്ലാകളക്ടർക്ക് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിന്റെ എതിർപ്പ് മാറ്റികിട്ടുന്നതിനായി കൊല്ലം ജില്ലാ ഫയർ ഓഫീസർ, കൊല്ലം ജില്ലാ പോലീസ് മേധാവിയ്ക്ക് കത്ത് നൽകുകയുണ്ടായി. കൊല്ലം ജില്ലയിൽ മീനാട് വില്ലേജിൽ ബ്ലോക്ക് നം.30 ൽ റീ സർവ്വേ നം.91/14 ൽ ഉൾപ്പെട്ട ചാത്തന്നൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ 20 സെന്റ് സ്ഥലം പരവൂർ അഗ്നിരക്ഷാ നിലയത്തിനായാണ് പോലീസ് വകുപ്പ് നിർദ്ദേശിച്ചതെന്നും, പരവൂർ നിലയത്തിന് സ്വന്തമായി സ്ഥലം ലഭ്യമായ സാഹചര്യത്തിൽ ടി സ്റ്റേഷന് വേണ്ടി കണ്ടെത്തിയ സ്ഥലം ചാത്തന്നൂർ അഗ്നിരക്ഷാ നിലയത്തിന് വേണ്ടി വിട്ട് നൽകുവാൻ നിർവ്വാഹമില്ലായെന്നും കൊല്ലം ജില്ലാ പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ